"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - ഗൾഫ് മാധ്യമം ഷാർജയിൽ സംഘടിപ്പിക്കുന്ന Come on Kerala 2024-ൽ പങ്കെടുക്കുന്നതിനായി കെ.എസ്.എഫ്.ഇയിലെ നാല് ഉദ്യോഗസ്ഥർക്ക് വിദേശയാത്രയ്ക്കുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.480/2024/TAXES തീയതി,തിരുവനന്തപുരം, 07-06-2024

---

പരാമർശം:- 1. കെ.എസ്.എഫ്.ഇ മാനേജിംഗ് ഡയറക്ടറുടെ 04.06.2024 ലെ 3020 A/Plg നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഗൾഫ് മാധ്യമം ജൂൺ 7 മുതൽ 9 വരെ ഷാർജ എക്സ്പോ സെന്ററിൽ Come on Kerala 2024 എന്ന ഒരു പരിപാടി നടത്തുന്നുണ്ടെന്നും നിരവധി വിദേശ മലയാളികൾ പങ്കെടുക്കുന്ന ഈ പരിപാടി കെ.എസ്.എഫ്.ഇയുടെ പ്രവാസി ചിട്ടി മാർക്കറ്റ് ചെയ്യാനുള്ള നല്ല അവസരമാണെന്നും ഇതിൽ പങ്കെടുക്കുന്നതിനുള്ള ഉദ്യോഗസ്ഥരുടെ യാത്രാ ചെലവ് KIIFBI സ്പോൺസർ ചെയ്തിട്ടുണ്ട് എന്നും അതിനാൽ കെ.എസ്.എഫ്.ഇ യെ പ്രതിനിധീകരിച്ച് തിരുവനന്തപുരം ഡിജിറ്റൽ ബിസിനസ്സ് സെന്ററിലെ ശ്രീമതി.സുജാത.എം.ടി (ഡി.ജി.എം), ശ്രീമതി.രേവതി.പി.കെ (ചീഫ് മാനേജർ), ശ്രീ.സാബു.ജെ (സീനിയർ മാനേജർ), ശ്രീ.അമൽ.എ.എസ് (സീനിയർ അസിസ്റ്റന്റ്) എന്നീ നാല് ഉദ്യോഗസ്ഥർക്ക് ടി പരിപാടിയിൽ പങ്കെടുക്കുവാൻ വിദേശയാത്രയ്ക്കുള്ള അനുമതി നൽകണമെന്ന് കെ.എസ്.എഫ്.ഇ മാനേജിംഗ് ഡയറക്ടർ പരാമർശം പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.എസ്.എഫ്.ഇ മാനേജിംഗ് ഡയറക്ടറുടെ കത്തിലെ ആവശ്യം അംഗീകരിച്ച് കെ.എസ്.എഫ്.ഇയെ പ്രതിനിധീകരിച്ച് തിരുവനന്തപുരം ഡിജിറ്റൽ ബിസിനസ്സ് സെന്ററിലെ ഡി.ജി.എം ശ്രീമതി. സുജാത.എം.ടി, ചീഫ് മാനേജർ ശ്രീമതി.രേവതി.പി.കെ, സീനിയർ മാനേജർ ശ്രീ.സാബു.ജെ, സീനിയർ അസിസ്റ്റന്റ് ശ്രീ.അമൽ.എ.എസ് എന്നീ നാല് ഉദ്യോഗസ്ഥർക്ക് ഗൾഫ് മാധ്യമം ജൂൺ 7 മുതൽ 9 വരെ ഷാർജ എക്സ്പോ സെന്ററിൽ നടത്തുന്ന Come on Kerala 2024 എന്ന പരിപാടിയിൽ പങ്കെടുക്കുന്നതിനായി വിദേശയാത്രയ്ക്കുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വന്ദന എസ് കെ എ എസ്
അണ്ടർ സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ, തൃശ്ശൂർ
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം

4. വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂമീഡിയ)
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (TAXES-H2/177/2024-TAXES)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ